# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനുവരി 21

# വാർത്താക്കുറിപ്പ്

## എം.ജി. ഓൺലൈൻ ഫീസടയ്ക്കൽ; ട്രാൻസാക്ഷൻ ചാർജ് ഒഴിവാക്കി എസ്.ബി.ഐ.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഫീസുകൾ ഓൺലൈനായി അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ട്രാൻസാക്ഷൻ ചാർജ് എസ്.ബി.ഐ. ഒഴിവാക്കി. സർവകലാശാലയിലെ ഇ-പേ പോർട്ടൽ വഴി ഫീസടയ്ക്കുമ്പോൾ പേയ്മെന്റ് ഗേറ്റ്‌വേ ഈടാക്കിയിരുന്ന ട്രാൻസാക്ഷൻ ചാർജാണ് സർവകലാശാല അധികൃതരുമായുള്ള ചർച്ചയെത്തുടർന്ന് എസ്.ബി.ഐ. ഒഴിവാക്കിയത്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ എന്നിവരാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധികൃതരുമായി ചർച്ച നടത്തിയത്. ട്രാൻസാക്ഷൻ ഫീസ് ഒഴിവാക്കിയതിനാൽ അക്ഷയ കേന്ദ്രങ്ങളും മറ്റും ഫീസടയ്ക്കുന്ന വിദ്യാർഥികളിൽ നിന്നും അധിക ഫീസ് ഈടാക്കുന്നത് ഒഴിവാക്കണമെന്ന് സർവകലാശാല അറിയിച്ചു. വിവിധ ഫീസുകൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം 2017ലാണ് സർവകലാശാല നടപ്പാക്കിയത്.

(പി.ആർ.ഒ/39/110/2020)

## പരീക്ഷ ഫലം

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2020)

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2020)

2019 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ എം.സി.എ. (പുതിയ സ്കീം 2018 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്, പുതിയ സ്കീം സപ്ലിമെന്ററി 2017 അഡ്മിഷൻ റഗുലർ, പഴയ സ്കീം സപ്ലിമെന്ററി 2013-2016 അഡ്മിഷൻ റഗുലർ, ലാറ്ററൽ എൻട്രി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2020)

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.പി.എഡ്. (റഗുലർ-2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2020)

2019 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2020)

## ഇന്നത്തെ (ജനുവരി 22) എൽ.എൽ.ബി.പരീക്ഷ മാറ്റി

അഫിലിയേറ്റഡ് കോളജുകളിൽ ഇന്ന് (ജനുവരി 22) നടത്താൻ നിശ്ചയിച്ചിരുന്ന എട്ടാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/111/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ